

# ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും

12

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# അദ്ധ്യായം പത്ത്

## ക്രിസ്തീയ ജീവിതവും മാധ്യമങ്ങളും






## വിദ്യാപീഠത്തിന് നൂറാം പിറന്നാളാഘോഷം; തോമസ് പാവറട്ടിക്ക് പ്രയത്ന സാഫല്യം

തൃശൂർ: പാവറട്ടി സംസ്കൃത വിദ്യാപീഠത്തിന്റെ നൂറാം പിറന്നാൾ ആഘോഷിക്കാൻ അധികൃതർ തീരുമാനിച്ചപ്പോൾ സഫലപ്രാപ്തി നേടിയത് ടോംയാസ് അഡ്വർടൈസിംഗ് ഉടമ തോമസ് പാവറട്ടിയുടെ പ്രയത്നങ്ങൾ. പി.ടി കുര്യാക്കോസ് മാസ്റ്റർ സ്ഥാപിച്ച പാവറട്ടി സംസ്കൃത വിദ്യാപീഠത്തെ തകർച്ചയുടെ പടുകുഴിയിൽനിന്നും ഉയർത്തിക്കൊണ്ടുവന്നതിൽ മുഖ്യ പങ്ക് ഇദ്ദേഹത്തിന്റേതാണ്.

കേന്ദ്രസർക്കാർ ഏറ്റെടുത്തതിനുശേഷം കുര്യാക്കോസ് മാസ്റ്ററെ തഴയുന്ന സമീപനമായിരുന്നു ഭരണനേതൃത്വത്തിലുണ്ടായിരുന്ന ഉത്തരേന്ത്യൻ ലോബി എടുത്തത്. ഇതിനെതിരെ തോമസ് പാവറട്ടി രംഗത്തുവന്നു.

മാഗസിനിൽനിന്നും കുര്യാക്കോസ് മാസ്റ്ററുടെ സ്ഥാപകനെന്ന പേര് നീക്കം ചെയ്തതിൽ തുടങ്ങി അവഗണന. ഇതിനെതിരെ അന്ന് പത്രമാധ്യമങ്ങളിലൂടെ തോമസ് പ്രതികരിച്ചു. പിന്നീട് വിദ്യാപീഠം ആസ്ഥാനം പുറനാട്ടുകരയിലേക്ക് മാറ്റി. 84-ൽ പാവറട്ടി കാമ്പസ് പൂർണമായും അടച്ചു. കോളജ് വിൽക്കാനുള്ള ശ്രമവുമുണ്ടായി. അറ്റകുറ്റപ്പണികൾ നടത്താതിരുന്നു. ഇതിനെതിരെയെല്ലാം തോമസ് പാവറട്ടിയുടെ നേതൃത്വത്തിൽ പ്രതിഷേധ ശബ്ദമുയർന്നു.

തോമസ് പാവറട്ടി

വിദ്യാപീഠം സ്ഥാപകൻ കുര്യാക്കോസ് മാസ്റ്ററാണെന്ന് അംഗീകരിക്കുക, രണ്ടു കാമ്പസുകളിലും അദ്ദേഹത്തിന്റെ ഛായാചിത്രം സ്ഥാപിക്കുക, വിദ്യാപീഠത്തിന് കുര്യാക്കോസ് മാസ്റ്ററുടെ പേരു നല്കുക, പാവറട്ടി കാമ്പസ് തുറക്കുക, പാവറട്ടിയിൽ എം.എഡ് അനുവദിക്കുക, 94-ാംവയസിൽ രജതജൂബിലി ആഘോഷിച്ചവർ തെറ്റുതിരുത്തി നൂറാംപിറന്നാൾ ആഘോഷിക്കുക, കുര്യാക്കോസ് മാസ്റ്ററുടെ ജന്മദിനവും സമാധിദിനവും ആചരിക്കുക, മാസ്റ്ററുടെ മകനും 46 വർഷം കോളജിൽ സേവനം ചെയ്തയാളുമായ പ്രഫ. പി.കെ. ജോസിന് പെൻഷൻ അനുവദിക്കുക തുടങ്ങി എട്ടോളം ആവശ്യങ്ങൾ തോമസ് പാവറട്ടി വിവിധ കാലയളവിലായി കേന്ദ്ര സർക്കാരിനു മുന്നിൽ വച്ചു. ഇവയെല്ലാം അനുവദിച്ചുകിട്ടിയതായും അതിൽ അതിയായ സന്തോഷമുണ്ടെന്നും തോമസ് പറഞ്ഞു.



# മാധ്യമങ്ങളുടെ ലക്ഷ്യം

1. അറിവു നല്കുക
2. പഠിപ്പിക്കുക
3. വിനോദിപ്പിക്കുക





# മാധ്യമങ്ങളുടെ നിഷേധാത്മക സ്വാധീനങ്ങൾ

മാധ്യമങ്ങളുടെ കച്ചവട താത്പര്യങ്ങൾ അതിരുവിടുമ്പോൾ അധാർമ്മികവും അരാജകത്വം നിറഞ്ഞതുമായ ഒരു സമൂഹമാണു പിറവിയെടുക്കുക. പാശ്ചാത്യ നാടുകളിൽ സംഭവിച്ച സമൂഹത്തിന്റെ ശിഥിലീകരണത്തിൽ (Social Disintegration) മാധ്യമങ്ങൾ കാതലായ പങ്കു വഹിച്ചിട്ടുണ്ട്. ഭക്ഷണം, വസ്ത്രം, ഭാഷ, വിശ്വാസം എന്നീ സംസ്കാര സൂചകങ്ങളെ നിയന്ത്രിക്കുന്നതും തീരുമാനിക്കുന്നതും മാധ്യമങ്ങളാണെന്നു വന്നാലോ?

ലൈംഗിക അരാജകത്വം, മൂല്യങ്ങളിലെ ആപേക്ഷികത, പരസ്യങ്ങളുടെ അമിത സ്വാധീനം തുടങ്ങി മനുഷ്യന്റെ ധാർമിക ബോധത്തെ നശിപ്പിക്കുന്ന ഘടകങ്ങൾ മാധ്യമങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യനിലെ ദൈവികതയെ തൊട്ടുണർത്താനല്ല, മൃഗീയതയെ തുറന്നുവിടാനാണ് ഇന്നത്തെ മാധ്യമ സംസ്കാരം കൂടുതലും ഇടവരുത്തുന്നത്.

# മാധ്യമങ്ങളെ എങ്ങനെ വിലയിരുത്തണം?

- അക്രമവാസന, മദ്യാസക്തി, ലൈംഗിക അരാജകത്വം, വിഷാദം, ആത്മഹത്യാ പ്രവണത വളർത്തുന്നതിനും മാധ്യമങ്ങൾ കാരണമാകുന്നുണ്ട്.
- ദൃശ്യശ്രാവ്യ സാംസ്കാരത്തിൽ നമ്മൾ നേരിടുന്ന മറ്റൊരു വിപത്താണു മാധ്യമങ്ങളുടെ അടിമയായിത്തീരുകയെന്നത്. ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങൾ നമ്മുടെ വിലപ്പെട്ട സമയം വളരെയധികം അപഹരിക്കുന്നുണ്ട്. ടെലിവിഷനിലൂടെ വരുന്ന പരിപാടികൾ എത്ര പ്രയോജനപ്രദമാണെങ്കിലും പഠനം, ജോലി, പ്രാർത്ഥന മുതലായവ മാറ്റിവച്ചു ടെലിവിഷന്റെ മുന്നിൽ സമയം ചെലവഴിക്കുന്നതു ജീവിതപരാജയത്തിലേക്കു നയിക്കും.


# മാധ്യമങ്ങളും സാമൂഹ്യ പ്രതിബദ്ധതയും

1. ഒരു സമൂഹത്തിന്റെ സദാചാരത്തിനു നിരക്കാത്ത പരിപാടികളിൽ നിന്നും വിശദീകരണങ്ങളിൽ നിന്നും പിന്മാറാൻ മാധ്യമങ്ങൾ തയ്യാറാകണം. എന്നാൽ ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ മിതത്വം പാലിക്കുകയും വേണം.

2. അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, ജാതീയമായ ക്രൂരതകൾ തുടങ്ങിയവക്കെതിരെ ജനത്തിന്റെ ബോധം ഉണർത്തുവാനും അവരെ സംഘടിക്കാനും പ്രേരിപ്പിക്കണം.

3. വ്യാപകമായ അഴിമതിയും സ്വജനപക്ഷപാതവും നടത്തുന്നവർക്കെതിരെ സമൂഹ മനഃസ്സാക്ഷിയെ ഉണർത്തണം.

4. കമ്പോളവത്ക്കരണത്തിന്റേയും പ്രൊഫഷണലിസത്തിന്റേയും അതി പ്രസരത്തിൽ നഷ്ടപ്പെട്ട ധാർമ്മികത വീണ്ടെടുക്കണം.

5. സ്ഥാപിത താൽപര്യങ്ങളുടെ സംരക്ഷണമെന്നതിലുപരി സമൂഹ ത്തിന്റെ മനഃസ്സാക്ഷി സൂക്ഷിപ്പുകാരായി മാധ്യമങ്ങൾ മാറണം.

6.യഥാർത്ഥ മൂല്യബോധത്തിലേക്കു നയിക്കുന്ന ഒരു ബദൽ സംസ്കാരത്തിനു മാധ്യമങ്ങൾ ഊന്നൽ നല്കണം.

7. നേരിനെ വസ്തുനിഷ്ഠമായി അവതരിപ്പിക്കുക വഴി രാജ്യത്തെ പുരോഗതിയിലേക്കും നന്മയിലേക്കും നയിക്കാൻ മാധ്യമങ്ങൾക്ക് കഴിയണം.

# മാധ്യമങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്തണം?

മാധ്യമങ്ങളെ ഒരു പ്രശ്നമായി കണ്ട് അകറ്റിനിർത്താതെ അനന്ത സാധ്യതകളുടെ ഒരു വൻസ്രോതസ്സായി പരിഗണിച്ചു പരമാവധി പ്രയോജന പ്പെടുത്തുക എന്നതാണ് ഉത്തമവീക്ഷ ണം.

'മാധ്യമങ്ങളുടെ ശരിയായ ഉപയോഗം മാനവസമുദായത്തിനു വിലയേറിയ മുതൽക്കൂട്ടായിരിക്കും. അവ മനുഷ്യനു വിനോദവും വിജ്ഞാനവും പ്രദാനം ചെയ്യുന്നു. ദൈവരാജ്യത്തിന്റെ പ്രചാരണ ത്തിന് അവ വളരെയേറെ ഉപകരിക്കുകയും ചെയ്യും' (Inter Mirifica 2)

'കർത്താവിന്റെ വചനത്തിന്റെ ശബ്ദവും കർത്താവിന്റെ മുഖവും എല്ലായി ടത്തും എത്തിക്കാൻ സാധ്യമായ എല്ലാ മാർഗ്ഗങ്ങളെയും, പ്രോത്സാഹിപ്പിക്കേണ്ട താണ്' **ബെനഡിക്ട് പതിനാറാമൻ**








പത്രമാസികകൾ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, സിനിമ, എന്തിന് മൊബൈൽ ഫോൺ തുടങ്ങിയവയെല്ലാം വചനപ്രഘോഷണത്തിനുള്ള മാധ്യമങ്ങളായും മനുഷ്യനു സാന്ത്വനമേകാനുള്ള ഉപാധികളായും ഉപയോഗപ്പെടുത്താമല്ലോ. മനുഷ്യനെ ആദ്ധ്യാത്മികമായും സാംസ്കാരികമായും വളർത്തുന്ന മൂല്യങ്ങൾ ഉൾക്കൊള്ളുന്ന മാധ്യമങ്ങൾക്കു പ്രോത്സാഹനം നൽകേണ്ടതും സഭയുടെ ആവശ്യമാണ്, ഇന്നിന്റെ ആവശ്യമാണ്, അപ്പോൾ ക്രിസ്തീയ ജീവിതത്തെ പരിപോഷിക്കാനുതകുന്ന ഉപാധികളായി മാധ്യമങ്ങൾ മാറും.


THANK
YOU